روضة الخطباء

# റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

روضة الخطباء

sufaraulislam.com

## ശ്രേഷ്ഠമായ പത്തു ദിനങ്ങൾ

09/07/2021

بسم الله الرحمن الرحيم

- ഒരു സത്യവിശ്വാസി നിരന്തരം അല്ലാഹുവിനെ ആരാധിക്കുന്നവനായിരിക്കും. കാരണം അല്ലാഹു അവനോട് പറഞ്ഞത്.

وَاعْبُدْ رَبَّكَ حَتَّى يَأْتِيَكَ الْيَقِينُ ( الحجر ٩٩)

- ഏതെങ്കിലും ദിവസങ്ങളിൽ മാസങ്ങളിൽ മാത്രമല്ല.

(فَإِذَا فَرَغْتَ فَانصَبْ(٧)وَإِلَى رَبِّكَ فَارْغَبْ(٨) (الشرح:٧-٨)

- ഒഴിവു കിട്ടിയാൽ അദ്ധ്വാനിക്കുക. ആഗ്രഹം റബ്ബിലേക്ക് സമർപ്പിക്കുക
- ഇതാണ് ശരിയായ വിശ്വാസിയുടെ ഗുണം.
- അഞ്ച് നേരത്തെ നമസ്കാരം, മറ്റു ആരാധനകൾ, ദിക്റുകളും ദുആകളും...
- നിരന്തരമുള്ള ആരാധനകൾക്ക് പുറമെ വിശ്വാസികൾക്ക് വലിയ പ്രതിഫലം നേടിത്തരുന്ന മറ്റു ചില കാര്യങ്ങളും നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്.
- അല്ലാഹു ചില സ്ഥലങ്ങൾക്ക്, മാസങ്ങൾക്ക്, സമയത്തിന്, കർമ്മങ്ങൾക്ക് പ്രത്യേകത കൽപ്പിച്ചിട്ടുണ്ട്.

**1. പവിത്രമായ മാസങ്ങൾ**

إِنَّ عِدَّةَ الشُّهُورِ عِنْدَ اللَّهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللَّهِ يَوْمَ خَلَقَ السَّمَوَاتِ وَالأَرْضَ مِنْهَا أَرْبَعَةٌ حُرُمٌ ذَلِكَ الدِّينُ الْقَيِّمُ فَلاَ تَظْلِمُوا فِيهِنَّ أَنْفُسَكُمْ وَقَاتِلُوا الْمُشْرِكِينَ كَافَّةً كَمَا يُقَاتِلُونَكُمْ كَافَّةً وَاعْلَمُوا أَنَّ اللَّهَ مَعَ الْمُتَّقِينَ (التوبة: ٣٦ )

**2. വിശുദ്ധ ക്വുർആൻ അവതരിച്ച മാസം.**

شَهْرُ رَمَضَانَ الَّذِي أُنزِلَ فِيهِ الْقُرْآنُ هُدًى لِلنَّاسِ وَبَيِّنَاتٍ مِنْ الْهُدَى وَالْفُرْقَانِ (البقرة:١٨٥)

**3. ലൈലത്തുൽ ഖദ്ർ**

إِنَّا أَنْزَلْنَاهُ فِي لَيْلَةِ الْقَدْرِ (١) وَمَا أَدْرَاكَ مَا لَيْلَةُ الْقَدْرِ (٢) لَيْلَةُ الْقَدْرِ خَيْرٌ مِنْ أَلْفِ شَهْرٍ (٣) تَنَزَّلُ الْمَلَائِكَةُ وَالرُّوحُ فِيهَا بِإِذْنِ رَبِّهِمْ مِنْ كُلِّ أَمْرٍ (٤) سَلَامٌ هِيَ حَتَّى مَطْلَعِ الْفَجْرِ (٥ )

**4. മുഹറം മാസവും രാത്രി നമസ്കാരവും**

عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: أَفْضَلُ الصِّيَامِ بَعْدَ رَمَضَانَ شَهْرُ اللَّهِ الْمُحَرَّمُ وَأَفْضَلُ الصَّلاَةِ بَعْدَ الْفَرِيضَةِ صَلاَةُ اللَّيْلِ (مسلم)

**5. മക്കയും മദീനയും**

عَنْ أَنَسِ بْنِ مَالِكٍ رَضِي اللَّه عَنْه أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ طَلَعَ لَهُ أُحُدٌ فَقَالَ هَذَا جَبَلٌ يُحِبُّنَا وَنُحِبُّهُ اللَّهُمَّ إِنَّ إِبْرَاهِيمَ حَرَّمَ مَكَّةَ وَإِنِّي حَرَّمْتُ مَا بَيْنَ لابَتَيْهَا ) (بخاري)

**6. മൂന്ന് പള്ളിയിലേക്കല്ലാതെ പുണ്യം പ്രതീക്ഷിച്ച് യാത്ര പോകരുത്.**

عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه عَنِ النَّبِيِّ صَـلَّى اللَّه عَلَيْهِ وَسَـلَّمَ قَالَ: لاَ تُشَـدُّ الرِّحَالُ إِلاَّ إِلَى ثَلاَثَةِ مَسَـاجِدَ الْمَسْجِدِ الْحَرَامِ وَمَسْجِدِ الرَّسُولِ صَلَّى اللَّه عَلَيْهِ وَسَلَّمَ وَمَسْجِدِ الْأَقْصَى ) (بخاري)

- ഇതു പോലെ അല്ലാഹു ശ്രേഷ്ഠമാക്കിയ ദിവസങ്ങളാണ് ദുൽഹിജ്ജ മാസത്തിലെ പത്ത് ദിവസങ്ങൾ.

❖ **എന്തു കൊണ്ടാണ് ഈ പത്ത് ദിവസങ്ങൾ ശ്രേഷ്ഠമാണ് എന്ന പറയുന്നത്?**

**1. ഈ ദിവസങ്ങളെ പിടിച്ച് അല്ലാഹു സത്യം ചെയ്തു.**

وَالْفَجْرِ(١)وَلَيَالٍ عَشْرٍ(٢)

ഇമാം ഇബ്നുകസീർ رحمه الله പറഞ്ഞു:

الليالي العشر : المراد بها عشر ذي الحجة

പത്ത് രാവുകൾ കൊണ്ടുദ്ദേശിക്കുന്നത്, ദുൽഹജ്ജ് മാസത്തിലെ പത്ത് രാത്രികളാണ്.

ഇമാം ഇബ്നു ജരീർ അത്വബ്'രി رحمه الله പറഞ്ഞു:

أجمع العلماء على أن المراد بالعشر في هذه الآية هي عشر ذي الحجة .

ഈ ആയത്തുകളിൽ പറഞ്ഞിട്ടുള്ള പത്തിന്റെ ഉദ്ദേശം ദുൽഹിജ്ജയിലെ പത്ത് ദിവസങ്ങളാകുന്നു എന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു.

**2. ദുനിയാവിലെ ഏറ്റവും ശ്രേഷ്ഠമായ ദിനങ്ങൾ**

عن جابر بن عبدالله أفضلُ أيامِ الدنيا أيامُ العشرِ

ജാബിർ (റ) വിൽ നിന്നും നിവേദനം: നബി ﷺ പറഞ്ഞു: 'ഇഹലോകത്തിലെ ദിനങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത് (ദുൽഹജ്ജിലെ) ആദ്യത്തെ പത്ത് ദിനങ്ങളാകുന്നു'. (സ്വഹീഹ് ജാമിഅ്)

**3. ഈ ദിവസങ്ങളിൽ സൽകർമ്മം ചെയ്യാൻ പ്രേരിപ്പിക്കുന്ന ഹദീസ്.**

عن عبدالله بن عباس ما العَمَلُ في أيّامٍ أفْضَـلَ منها في هذِه؟ قالوا ولا الجِهادُ؟ قالَ ولا الجِهادُ، إلّا رَجُلٌ خَرَجَ يُخاطِرُ بنَفْسِهِ ومالِهِ، فَلَمْ يَرْجِعْ بشيءٍ.

ഇബ്നു അബ്ബാസിൽ (റ) നിന്നും നിവേദനം: നബി ﷺ പറഞ്ഞു:'ഈ പത്ത് ദിവസങ്ങളിൽ (ദുൽഹജ്ജിലെ പത്ത് ദിവസങ്ങൾ) നിർവ്വഹിക്കുന്ന സൽകർമ്മങ്ങളേക്കാൾ ശ്രേഷ്ഠകരമായ മറ്റൊരു ദിവസത്തെ സൽകർമ്മങ്ങളുമില്ല'. അവർ (സഹാബികൾ) ചോദിച്ചു:

അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദുമില്ലേ? നബി ﷺ പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദുമില്ല.എന്നാൽ ഒരാൾ സ്വന്തം ശരീരവും സമ്പത്തു മായും അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദിന് പുറപ്പെടുകയും അവയിൽ നിന്ന് ഒന്നും അദ്ദേഹം തിരിച്ചുകൊണ്ടുവരാതെ രക്തസാക്ഷിയാകുകയും ചെയ്താലല്ലാതെ .(ബുഖാരി)

**സഈദ് ഇബ്നു ജുബൈർ (റ) വിന്റെ സമീപനം.**

وَكَانَ سَعِيدُ بْنُ جُبَيْرٍ إِذَا دَخَلَ أَيَّامُ الْعَشْرِ اجْتَهَدَ اجْتِهَادًا شَدِيدًا حَتَّى مَا يَكَادُ يَقْدِرُ عَلَيْهِ (الدارمي)

ദുൽഹജ്ജ് ആദ്യത്തെ പത്ത് ദിവസങ്ങൾ സമാഗതമായാൽ (താബിഉകളിൽ പ്രമുഖനായ) സഈദുബ്നു ജുബൈർ (റ) തനിക്ക് കഴിയില്ലായെന്ന് തോന്നുമാറ് സൽകർമ്മങ്ങൾ വർദ്ധിപ്പിക്കാനായി പരിശ്രമിക്കാറുണ്ടായിരുന്നു.(ദാരിമി)

**4. ആരാധനകൾ സമ്മേളിക്കുന്ന ദിവസങ്ങൾ**

يقول ابن حجر في الفتح: ( والذي يَظْهَرُ أَنَّ السـبب في امتياز عَشْرِ ذي الحجة لمكان إِجْتِمَاعِ أُمَّهَاتِ الْعِبَادَةِ فِيهِ، وَهِيَ : الصَلاةُ وَالصِيَامُ والصَدَقَة والحج ولا يأْتِي فِي غَيرِه)

ഇബ്നു ഹജറുൽ അസ്ഖലാനി ഈ ദിവസങ്ങൾക്ക് ശ്രേഷ്ഠത വരാനുള്ള കാരണം പഠിപ്പിച്ചത് ആരാധനകൾ സമ്മേളിക്കുന്ന ദിവസങ്ങളാണിത് എന്നാണ്.

- സാധാരണയുള്ള ആരാധനകൾക്ക് പുറമെ (നമസ്കാരം, നോമ്പ്, ദാനധർമ്മങ്ങൾ, ഹജ്ജ്, ദിക്റുകൾ, ദുആകൾ, ബലി കർമ്മം തുടങ്ങി എല്ലാ ആരാധനകളും ഈ ദിവസങ്ങളിൽ അനുഷ്ഠിക്കാൻ സാധിക്കുന്നു

**❖ ഏതാണ് ശ്രേഷ്ഠമായ ദിനങ്ങൾ?**

- റമദാനിലെ പത്തു ദിവസങ്ങൾക്കാണോ ഈ ദിവസങ്ങൾക്കാണോ ശ്രേഷ്ഠത കൂടുതലുള്ളത്?
- ശൈഖുൽ ഇസ്ലാം ഇബ്നു തൈമീയയോട് ഈ ചോദ്യം ചോദിച്ചു. അപ്പോൾ അദ്ദേഹം നൽകിയ മറുപടി. രാത്രികളിൽ ശ്രേഷ്ഠമായത് റമദാനിലെ അവസാനത്തെ പത്താണ്. പകലുകളിൽ ശ്രേഷ്ഠമായത് ദുൽഹിജ്ജയിലെ പത്തു ദിവസങ്ങളാണ്.

**❖ സലഫുകൾ ശ്രേഷ്ഠത കൽപ്പിക്കാറുള്ള മൂന്ന് പത്ത് ദിവസങ്ങളുണ്ട്.**

1. റമദാനിലെ അവസാനത്തെ പത്ത്
2. ദുൽഹിജ്ജയിലെ ആദ്യത്തെ പത്തു ദിവസങ്ങൾ
3. മുഹററം മാസത്തിലെ ആദ്യത്തെ പത്തു ദിവസങ്ങൾ

**❖ ഈ ദിവസങ്ങളിൽ നാം ശ്രദ്ധിക്കേണ്ട ആരാധനകൾ**

**1. നമസ്കാരം**

- നിർബന്ധ നമസ്കാരങ്ങൾ നഷ്ടപ്പെടുത്താതെ ജമാഅത്തായി തന്നെ നിർവഹിക്കുക.
- സാധിക്കുന്നയത്ര സുന്നത്ത് നമസ്കാരങ്ങൾ അധികരിപ്പിക്കുക.
- അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള ആരാധന നമസ്കാരമാണ്.
- അല്ലാഹുവുമായി ഏറ്റവും അടുക്കുന്നത് നമസ്കാരത്തിലെ സുജൂദിലാണ്.

### 2. നോമ്പ്.

നബി ﷺ ദുൽഹിജ്ജയിലെ ആദ്യത്തെ ഒമ്പത് ദിവസങ്ങളിൽ നോമ്പ് അനുഷ്ഠിക്കാറുണ്ടായിരുന്നുവെന്ന് സ്ഥിരപ്പെട്ട റിപ്പോർട്ടുകളിലൂടെ വന്നിട്ടുമുണ്ട്.

عَنِ امْرَأَتِهِ، عَنْ بَعْضِ، أَزْوَاجِ النَّبِيِّ صلى الله عليه وسلم قَالَتْ كَانَ رَسُولُ اللَّهِ صلى الله عليه وسلم يَصُومُ تِسْعَ ذِي الْحِجَّةِ

അല്ലാഹുവിന്റെ റസൂൽ ﷺ ദുൽഹിജ്ജയിലെ ആദ്യത്തെ ഒമ്പത് ദിവസങ്ങളിൽ നോമ്പ് അനുഷ്ഠിക്കാറുണ്ടായിരുന്നു. (അബൂദാവൂദ്:- അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു)

### 3. തക്ബീർ, തഹ്ലീൽ, തഹ്മീദ്.

وَكَانَ ابْنُ عُمَرَ وَأَبُو هُرَيْرَةَ يَخْرُجَانِ إِلَى السُّوقِ فِي أَيَّامِ الْعَشْرِ يُكَبِّرَانِ وَيُكَبِّرُ النَّاسُ بِتَكْبِيرِهِمَا وَكَبَّرَ مُحَمَّدُ بْنُ عَلِيٍّ خَلْفَ النَّافِلَةِ (بخاري)

عَنِ ابْنِ عُمَرَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَا مِنْ أَيَّامٍ أَعْظَمُ عِنْدَ اللَّهِ وَلاَ أَحَبُّ إِلَيْهِ مِنَ الْعَمَلِ فِيهِنَّ مِنْ هَذِهِ الْأَيَّامِ الْعَشْرِ فَأَكْثِرُوا فِيهِنَّ مِنَ التَّهْلِيلِ وَالتَّكْبِيرِ وَالتَّحْمِيدِ (أحمد)

### 4. അറഫാ നോമ്പ്.

صيام يوم عرفة: وَسُئِلَ عَنْ صَوْمِ يَوْمِ الِاثْنَيْنِ قَالَ ذَاكَ يَوْمٌ وُلِدْتُ فِيهِ وَيَوْمٌ بُعِثْتُ أَوْ أُنْزِلَ عَلَيَّ فِيهِ قَالَ فَقَالَ صَوْمُ ثَلَاثَةٍ مِنْ كُلِّ شَهْرٍ وَرَمَضَانَ إِلَى رَمَضَانَ صَوْمُ الدَّهْرِ قَالَ وَسُئِلَ عَنْ صَوْمِ يَوْمِ عَرَفَةَ فَقَالَ يُكَفِّرُ السَّنَةَ الْمَاضِيَةَ وَالْبَاقِيَةَ ) (مسلم)

### 5. ഉദ്ഹിയത്ത്.

- ഉദ്ഹിയ്യത്ത് നിർബന്ധമാണോ എന്ന വിഷയത്തിൽ രണ്ടു അഭിപ്രായങ്ങൾ കാണാം. ഒരു വിഭാഗം പണ്ഡിതന്മാർ വാജിബാണ് എന്ന് പറയുന്നവരാണ്.
- മറ്റൊരു വിഭാഗം പ്രബലമായ സുന്നത്താണ് എന്നും വിശദീകരിക്കുന്നു.
- ഇബ്നുസീരിനിൽ നിന്ന്: അദ്ദേഹം ഇബ്നു ഉമറിനോട് ചോദിച്ചു: ഉദ്ഹിയ്യത്ത് കർമം നിർബന്ധമാണോ? അദ്ദേഹം പറഞ്ഞു: പ്രവാചകരും മുസ്ലിംകളും നിർവഹിച്ചു വന്ന ആ ചര്യ ഇന്നും തുടർന്നു പോരുന്നു (ഇബ്നു മാജ).

- ഇമാം അബൂഹനീഫയുടെയും, സുഫ്യാന സൌരി (റ), ലൈസ് (റഹി), ശൈഖ് ഉസൈമീൻ (റഹി) എന്നീ പണ്ഡിതന്മാരെല്ലാം ഉദ്ഹിയത്ത് നിർബന്ധ ബാധ്യതയാണ് എന്ന അഭിപ്രായക്കാരാണ്.
- നബി (സ) പറഞ്ഞു:

عن أبي هريرة من وجد سعةً لأن يُضحّي فلم يُضحّ فلا يحضُرْ مُصلّانا

അറുക്കാൻ ശേഷിയുണ്ടായിട്ടും ബലി അറുക്കാത്തവൻ നമ്മുടെ മുസല്ലയിലേക്ക് വരേണ്ടതില്ല.

❖ ഒരു വ്യക്തിക്കും അയാളുടെ കുടുംബത്തിനും കൂടി ഒരു ആട് മതിയാകും.

അബൂ അയ്യൂബിൽ നിന്ന് ഉദ്ദരിക്കുന്ന ഹദീസ്..

كَانَ الرَّجُلُ فِي عَهْدِ النَّبِيِّ ﷺ يُضَحِّي بِالشَّاةِ عَنْهُ وَعَنْ أَهْلِ بَيْتِهِ فَيَأْكُلُونَ وَيُطْعِمُونَ

അല്ലാഹുവിന്റെ തിരുദൂതരുടെ കാലത്ത് ഒരു വ്യക്തി അയാൾക്കും അയാളുടെ കുടുംബത്തിനും വേണ്ടി ഒരു ആടിനെ ബലി നൽകുമായിരുന്നു. അങ്ങനെ അവർ ഭക്ഷിക്കുകയും ഭക്ഷിപ്പിക്കുകയും ചെയ്യുമായിരുന്നു.

❖ ഒട്ടകത്തിലും മാടിലും പങ്ക്ചേർന്ന് അറുക്കാം.

ജാബിർ (റ) വിൽ നിന്ന് ഉദ്ദരിക്കുന്ന ഹദീസ്

نَحَرْنَا مَعَ رَسُولِ اللَّهِ ﷺعَامَ الْحُدَيْبِيَّةِ الْبَدَنَةَ عَنْ سَبْعَةٍ وَالْبَقَرَةَ عَنْ سَبْعَةٍ

ഞങ്ങൾ നബി (സ) യോടൊപ്പം ഹുദയ്ബിയ്യാ സന്ധിയുടെ വർഷം ഏഴുപേർക്ക് ഒരു ഒട്ടകത്തേയും ഏഴുപേർക്ക് ഒരു പശുവിനേയും അറുത്തിരുന്നു.

❖ അറുക്കുന്നവർ ശ്രദ്ധിക്കേണ്ടത്

ജാബിർ (റ) വിൽ നിന്നും..

لَا تَذْبَحُوا إِلَّا مُسِنَّةً إِلَّا أَنْ يَعْسُرَ عَلَيْكُمْ فَتَذْبَحُوا جَذَعَةً مِنَ الضَّأْنِ

നിങ്ങൾ മുസിന്നഃയെയല്ലാതെ അറുക്കരുത്. നിങ്ങൾക്ക് ഞെരുക്കം നേരിട്ട് (അതു കിട്ടാതിരുന്നാലല്ലാതെ) അങ്ങനെയായാൽ നിങ്ങൾ ചെമ്മരിയാടിൽ നിന്നുള്ള ഒരു ജദഅഃയെ ബലിയറുക്കുക.

- മുസിന്നഃയെന്നാൽ ഒട്ടകത്തിൽ അഞ്ചു വയസ്സ് തികഞ്ഞതും
- പശുവിൽ രണ്ടു വയസ്സ് തികഞ്ഞതും
- കോലാടിൽ ഒരു വയസ്സ് തികഞ്ഞതുമാണ്.

❖ ന്യൂനതകളിൽ നിന്ന് ഒഴിവുള്ളവയാകണം..

- മാംസം കുറയുവാൻ കാരണമാകുന്ന ന്യൂനതകളിൽ നിന്ന് ഒട്ടകം, മാട്, ആട് എന്നിവ സുരക്ഷിതമായിരിക്കണമെന്നതു ഉദ്ഹിയത്തിന്റെ ശർത്വുകളിൽ പെട്ടതാണ്.
- അതിനാൽ മെലിഞ്ഞൊട്ടിയത്, മുടന്തുള്ളത്, കാഴ്ച നഷ്ടപ്പെട്ടത്, രോഗിയായത് എന്നിവ ഉദ്ഹിയ്യത്ത് അറുക്കാൻ മതിയാവുകയില്ല.

أَرْبَعَةٌ لَا تُجْزِئُ فِي الْأُضْحِيَّةِ الْعَوْرَاءُ الْبَيِّنُ عَوَرُهَا وَالْمَرِيضَةُ الْبَيِّنُ مَرَضُهَا وَالْعَرْجَاءُ الْبَيِّنُ عَرَجُهَا وَالْعَجْفَاءُ الَّتِي لَا تُنْقِي

നാല് കാലികൾ ഉദ്ഹീയത്തിന് മതിയാവുകയില്ല. കാഴ്ച പോയെന്നു വ്യക്തമായത്, പ്രത്യക്ഷമായ രോഗമുള്ളത്, വ്യക്തമായി മുടന്തുള്ളത്, മെലിഞ്ഞു മജ്ജനശിച്ചത് എന്നിവയാണവ

❖ ബലി അറുക്കുന്നവർ ശ്രദ്ധിക്കുക

- ബലി അറുക്കുവാൻ ഉദ്ദേശിക്കുന്നവൻ അതു നൽകുന്നതുവരെ തന്റെ മുടിയോ നഖമോ എടുക്കൽ നിഷിദ്ധമാകുന്നു.
- ഉമ്മുസലമഃയിൽ നിന്നുള്ള ഹദീഥ്.

إِذَا دَخَلَ الْعَشْرُ وَعِنْدَهُ أُضْحِيَّةٌ يُرِيدُ أَنْ يُضَحِّيَ فَلَا يَأْخُذَنَّ شَعْرًا وَلَا يَقْلِمَنَّ ظُفُرًا

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.